Talented Bankers Literary Panel
പുസ്തക പരിചയം 140

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആദർശ് ജി,
കേരള ഗ്രാമീൺ ബാങ്ക്,
റോഡുവിള ശാഖ.

കാളിനാടകം (കഥകൾ)
ഉണ്ണി ആർ.

വായനയെ ഗൗരവമായി എടുത്തശേഷം ഏറ്റവും കൂടുതൽ അതിശയിപ്പിച്ച ഒരു എഴുത്തുകാരനാണ് ഉണ്ണി ആർ. മലയാളത്തിലെ ശ്രദ്ധേയനായ തിരക്കഥാകൃത്തും ചെറുകഥാകൃത്തുമായ അദ്ദേഹത്തിന്റെ ഓരോ സൃഷ്ടിയും വിസ്മയിപ്പിച്ചിട്ടുണ്ട്. 'ഒഴിവു ദിവസത്തെ കളി', 'ലീല' എന്നിവ പത്മരാജന്റെ തിരക്കഥകൾക്ക് ശേഷമുള്ള ഏറ്റവും ശക്തമായ കഥകൾ ആയിട്ടാണ് തോന്നിയിട്ടുള്ളത്.

നമ്മുടെ ചുറ്റുപാടും നടക്കുന്ന സാമൂഹ്യ വ്യവസ്ഥകളെ ചോദ്യം ചെയ്യാൻ ധൈര്യപ്പെടുന്ന പത്തു കഥകളുടെ സമാഹാരമാണ് കാളിനാടകം എന്ന പുസ്തകം. കേരളനവോത്ഥാന നായകനായ നാരായണഗുരുവിന്റെ ലൗകിക ജീവിതസമയത്തെ ഭാര്യയായ കാളിയമ്മയുടെ ജീവിതത്തിലൂടെ ആ കാലഘട്ടത്തിലെ സാമൂഹ്യചിത്രം വിപ്ലവകരമായി 'കാളിനാടകം' കഥയിൽ കാട്ടിയിരിക്കുന്നു. 'ആൺകുട്ടി ഉണ്ടായാൽ ആർപ്പുവിളിയും പെൺകുട്ടി ഉണ്ടായാൽ ഈർക്കിലി കൊണ്ട് നിലത്ത് തല്ലുകയും' ചെയ്യുന്ന കാലഘട്ടത്തിൽ തന്റെ കൂട്ടുകാരിക്ക് പെൺകുട്ടി ഉണ്ടാകുമ്പോൾ ആർപ്പു വിളിക്കാൻ ധൈര്യം കാണിക്കുകയും,ഗുരുവിന്റെ നിർദ്ദേശപ്രകാരം കല്യാണ സദ്യകളിൽ നിന്ന് മീൻകറി ഒഴിവാക്കിയെങ്കിലും മത്സ്യവും മാംസവും ശരീരത്തിന് ആവശ്യമുള്ള കാര്യങ്ങളാണെന്നും അവ തന്റെ ആഹാരക്രമത്തിൽ നിന്നും മാറ്റില്ലെന്നും തീരുമാനമെടുത്ത കാളിയമ്മയിലൂടെ ചരിത്രം ശ്രദ്ധിക്കാതെ പോയ ശക്തമായ ഒരു സ്ത്രീ കഥാപാത്രത്തെയാണ് വായനക്കാർക്ക് മുന്നിൽ എത്തിച്ചിരിക്കുന്നത്.

അത്, മുദ്രാരാക്ഷസം, സഹയാത്ര, മനുഷ്യാലയചന്ദ്രിക ദൈവത്തിനന്റെ പാപം, ക, ബാദുഷ എന്ന കാൽനടക്കാരൻ, ബഹുജീവിതം, സൗന്ദര്യലഹരി മാഅഗ ഗോത്രത്തിലെ രതിതന്ത്രങ്ങൾ എന്നിവയാണ് മറ്റ് ഒൻപത് കഥകൾ. പേരിന്റെ പേരിൽ പോലും മനുഷ്യൻ ക്രൂശിക്കപ്പെടുന്ന ഇന്നത്തെ ജാതിവ്യവസ്ഥയുടെ നേർചിത്രമായ 'ബാദുഷ എന്ന കാൽനടയാത്രക്കാരൻ', തൂക്കിക്കൊല്ലും മുൻപുള്ള വിധിപ്രകാരം മൂടിയ കറുത്ത തുണി പോലെ ഇരുട്ടു അച്ഛന്റെ ശിരസ്സിനെ മൂടിയിരിക്കുന്ന രാത്രിയിൽ ബുദ്ധിഭ്രമം ബാധിച്ച അച്ഛനുമായി വീടിനു പുറത്തേക്ക് പോകുന്ന മകനിലൂടെ അവസാനിക്കുന്ന 'മുദ്രാരാക്ഷസം' എന്ന കഥയും ഇവയിൽ ഏറെ മികച്ചു നിൽക്കുന്നു. രതിയിലെ പൊതുബോധത്തിന് ഒരു പൊളിച്ചെഴുത്താണ് 'സൗന്ദര്യലഹരി മാഅഗ ഗോത്രത്തിലെ തന്ത്രങ്ങൾ' എന്ന കഥ.

കാളി നാടകത്തിന്റെ തമിഴ് പതിപ്പിന് തമിഴ് കവിയും പരിഭാഷകനുമായ സുകുമാരൻ എഴുതിയ ആമുഖക്കുറിപ്പിന് ടി ഡി രാമകൃഷ്ണൻ എഴുതിയ മലയാളവിവർത്തനം പുസ്തകത്തിന്റെ അവസാനഭാഗത്ത് ചേർത്തിരിക്കുന്നത് ശ്രദ്ധേയമാണ്. ഗൗരവപൂർണ്ണമായ ചെറുകഥ ഇഷ്ടപ്പെടുന്ന ഏതൊരാൾക്കും കാളിനാടകം എന്ന പുസ്തകം ഇഷ്ടമാകും.

പ്രസാധകർ ഡി സി ബുക്സ്.
വില - Rs.65/-